# ശാന്തി നിങ്ങളുടെ ഉള്ളിലാണ്

നിങ്ങളുടെ ജീവിതത്തിൽ എന്തിന്റെ കുറവാണുള്ളത് ? ഈശ്വരൻ നിങ്ങൾക്ക് നൽകുവാനുള്ളത് എന്തോ അത് നൽകി. നിങ്ങൾ അത് ഏത് രീതിയിൽ ഉപയോഗിക്കുന്നു എന്നത് നിങ്ങളിൽ നിർഭരമാണ്. ശരിയായ രീതിയിൽ ഉപയോഗിച്ചാൽ ആനന്ദം കിട്ടും. തെറ്റായ രീതിയിൽ ഉപയോഗിച്ചാൽ ജീവിതത്തിൽ ദുഃഖം ലഭിക്കും. ഇത് തികച്ചും സ്പഷ്ടമായ കാര്യമാണ്. കബീർദാസിന്റെ ഒരു ഭജൻ ഉണ്ട്, എനിക്ക് അത് വളരെ ഇഷ്ടപ്പെട്ടു, അതിൽ പറയുന്നു - *"ജലത്തിൽ മീനിന് ദാഹം പോലും, കേൾക്കും തോറും ചിരി വരുന്നു."* ഏത് മീനിന്റെ കാര്യമാണ് പറയുന്നത്? ആരാണ് ആ മീൻ? എവിടെയാണ് ആ ജലം? നിങ്ങൾതന്നെയാണ് ആ മീൻ. ഇത് നിങ്ങളുടെ തന്നെ കാര്യമാണ് പറയുന്നത്.

*"കസ്തൂരി മാൻ അതിന്റെ നാഭിയിലെ കസ്തൂരി വനമെല്ലാം തേടി അലയുന്നു."*

ആ മാൻ നിങ്ങൾ തന്നെയാണ്. ഈ ലോകമാണ് ആ വനം. നിങ്ങളുടെ ഉള്ളിൽത്തന്നെയാണ് ആ കസ്തൂരി ഇരിക്കുന്നത്. നിങ്ങളും ആ മാനിനെപോലെ ലോകമെല്ലാം അലഞ്ഞു തിരിയുകയാണ്. അതായത് ഞാൻ എന്ത് ചെയ്യും? എനിക്ക് എന്ത് സംഭവിക്കും? ചിന്ത തന്നെ ചിന്ത. എല്ലാവരെയും ചിന്ത ക്ലേശിപ്പിക്കുന്നു, മനുഷ്യന് എന്തെല്ലാം കാര്യങ്ങളുടെ ചിന്തയാണ് ഉള്ളത്? ആത്മജ്ഞാനം ഇല്ലാതെ മഥുര, കാശി, തുടങ്ങിയ തീർത്ഥങ്ങളിൽ മനുഷ്യൻ അലഞ്ഞുതിരിയുന്നു.

എന്തേ നിങ്ങൾക്ക് ആത്മാവിന്റെ ജ്ഞാനം ഉണ്ടോ? ഈ ലോകത്തിൽ മനുഷ്യൻ ആത്മജ്ഞാനത്തിന്റെ കാര്യം മാറ്റി വയ്ക്കുന്നു, എന്നിട്ട് ചോദിക്കും, ആത്മാവ് എന്ത് വസ്തുവാണ്? കാര്യം ആത്മാവിന്റെയല്ല, കാര്യം ആത്മജ്ഞാനമാണ്. എന്തെന്നാൽ നിങ്ങൾ ആരാണെന്ന് ജ്ഞാനം ഇല്ലാതെ നിങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കില്ല. നിങ്ങൾ നിങ്ങളെപ്പറ്റി എന്ത് ധരിക്കുന്നുവോ അതല്ല യഥാർത്ഥത്തിൽ നിങ്ങൾ. നിങ്ങൾ എന്താണ്? ഇത് മനസ്സിലാക്കുവാൻ നിങ്ങളുടെ ഉള്ളിൽ കുടികൊള്ളുന്ന ആ വസ്തുവിനെ അറിയേണ്ടിവരും. എപ്പോൾ വരെ അതിനെ നിങ്ങൾ അറിയുന്നില്ലയോ അപ്പോൾ വരെ നിങ്ങൾ ആരാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കില്ല.

ഈ ലോകത്തിൽ എണ്ണമറ്റ ആളുകൾ ഭഗവാനിൽ വിശ്വസിക്കുന്നു. എന്നാൽ ഒരിക്കൽ പോലും കണ്ടിട്ടില്ല. ഒരിക്കലും അറിഞ്ഞിട്ടില്ല. പക്ഷേ വിശ്വസിക്കുന്നു. കാര്യം വിശ്വസിക്കുക എന്നതല്ല. കാര്യം അറിയുക എന്നതാണ്. ഞാൻ പറയുന്നത് കേവലം വാക്കുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന കാര്യമല്ല. ആർക്ക് ജ്ഞാനം ആവശ്യമുണ്ടോ അവർക്ക് ഞാൻ ജ്ഞാനവും നൽകുന്നു. ജ്ഞാനം നേടുവാൻ എന്താണ് വേണ്ടത്? ശ്രദ്ധയാണ് വേണ്ടത്. ശ്രദ്ധ ഉണ്ടായിരിക്കണം, ദാഹം ഉണ്ടായിരിക്കണം. മനുഷ്യന്റെ ഉള്ളിൽ ജിജ്ഞാസ ഇല്ലെങ്കിൽ അവന് യാതൊന്നും മനസ്സിലാക്കുവാൻ സാധിക്കില്ല.

യാതൊന്നാണോ നിങ്ങളുടെ ഉള്ളിൽ കുടികൊള്ളുന്നത്, ആ ശാന്തിയെ തേടുക. അത് അന്വേഷിക്കുക. എവിടെ കണ്ടെത്തിയാലും നല്ലതുതന്നെ. ഇനി കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ എന്റെ അടുത്ത് വരിക. ശാന്തിയുടെ അനുഭവം ഉള്ളിലാണ് ഉണ്ടാകുന്നത്. ഉള്ളിലെ അനുഭവം! നിങ്ങൾക്ക് ആ അനുഭവം വേണമെങ്കിൽ, അതിന് എനിക്ക് നിങ്ങളെ സഹായിക്കുവാൻ കഴിയും.

മഹാരാജ് ജി